**വ്യവസായ വാണിജ്യ ഡയറക്ടറുടെ നടപടിക്രമം**
**(അവതരണം : MIR MOHAMMED ALI I A S)**

നം.DIC/12713/2018-ED3-Part(1) തീയതി : 30-01-2025

വിഷയം:- വ്യവസായം- ജീവനക്കാര്യം- ഉപജില്ലാ വ്യവസായ ഓഫീസർ തസ്തികയിലെ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു-

പരാമർശം:- 1. 09.12.2024 തീയതിയിലെ ശ്രീ.നിസാം.എം, ഉപ ജില്ലാ വ്യവസായ ഓഫീസറുടെ സ്ഥലംമാറ്റ അപേക്ഷ.

2. 29.11.2024 തീയതിയിലെ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ DICKLM/1634/2024-K1 നമ്പർ നടപടിക്രമം.

പത്തനംതിട്ട താലൂക്ക് വ്യവസായ ഓഫീസിൽ ഉപ ജില്ലാ വ്യവസായ ഓഫീസറായി ജോലി ചെയ്തു വരുന്ന ശ്രീ.നിസാം.എം, തന്റെ ആരോഗ്യപരമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി, പത്തനാപുരം താലൂക്ക് വ്യവസായ ഓഫീസിലേക്ക് സ്ഥലംമാറ്റത്തിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പത്തനാപുരം താലൂക്ക് വ്യവസായ ഓഫീസിൽ ഉപ ജില്ലാ വ്യവസായ ഓഫീസറായി ജോലി ചെയ്തു വരുന്ന ശ്രീമതി.എം.ഡി.ജയശ്രീ, പരാമർശം (2) പ്രകാരം 04.01.2025 മുതൽ 30.04.2025 വരെ Leave Preparatory to Retirement-ൽ പ്രവേശിച്ചതിനാൽ ടി ഓഫീസിൽ ടി തസ്തികയിൽ ഒരു ഒഴിവു വന്നിട്ടുണ്ട്. ആയത് നികത്തേണ്ടതായുണ്ട്.

മേൽ സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

പത്തനാപുരം താലൂക്ക് വ്യവസായ ഓഫീസിലെ ഉപ ജില്ലാ വ്യവസായ ഓഫീസറായ ശ്രീമതി.എം.ഡി.ജയശ്രീ Leave Preparatory to Retirement-ൽ പ്രവേശിച്ചതു മൂലം ടി ഓഫീസിൽ ടി തസ്തികയിൽ വന്ന ഒഴിവിലേക്ക് പത്തനംതിട്ട താലൂക്ക് വ്യവസായ ഓഫീസിലെ ഉപ ജില്ലാ വ്യവസായ ഓഫീസറായ ശ്രീ.നിസാം.എം-ന് അപേക്ഷ പ്രകാരം സ്ഥലംമാറ്റം നൽകി നിയമിക്കുന്നു. സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരൻ ജോലിയിൽ പ്രവേശിച്ച വിവരം നിയന്ത്രണാധികാരി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ഉത്തരവ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ് (www.industry.kerala.gov.in). ആയത് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഉത്തരവിന്റെ പകർപ്പ് നിയന്ത്രണാധികാരിക്കും സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരനും പ്രത്യേകം നൽകുന്നതല്ല.

MIR MOHAMMED ALI I A S
DIRECTOR

സ്വീകർത്താവ്:- മേൽ പരാമർശിച്ച എല്ലാ ജീവനക്കാർക്കും (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :-
1. അക്കൗണ്ടന്റ് ജനറൽ (A&E) ,കേരള, തിരുവനന്തപുരം.
2. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം/പത്തനംതിട്ട.
3. ഐ.റ്റി സെക്ഷൻ / ഇ.ഇ സെക്ഷൻ.
4. സ്റ്റോക്ക് ഫയൽ / അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
K.r. Hiranmayi
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
Date: 31-01-2025 10:47:40